# ഓൺലൈൻ രജിസ്ട്രേഷന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ

1. അഡ്മിഷന് ആവശ്യമായ വ്യക്തിപരവും അക്കാദമികവുമായ വിവരങ്ങൾ നല്കുന്നതിനായി അപേക്ഷകർ www.shcollege.ac.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് UG Admissions: 2019-2020 എന്ന ലിങ്ക് അമർത്തുക.
2. പുതിയ അപേക്ഷകരാണെങ്കിൽ 'New Registration' എന്ന ബട്ടൺ അമർത്തി രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾ ശ്രദ്ധയോടെ നല്കുക.
3. ഇത്രയും വിവരങ്ങൾ സബ്മിറ്റ് ചെയ്തു കഴിഞ്ഞാൽ ഒരു പാസ്‌വേഡ് നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈലിലേക്കും ഇ–മെയിലിലേക്കും ലഭിക്കും.
4. നിങ്ങളുടെ യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് അക്കൗണ്ടിൽ കയറുക.
5. ആപ്ലിക്കേഷൻ ഫോം എന്ന ബട്ടൺ അമർത്തുക.
6. ആപ്ലിക്കേഷൻ ഫോമിൽ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ, അക്കാദമിക യോഗ്യതകൾ, മാർക്കുകൾ, ചേരാനുദ്ദേശിക്കുന്ന പ്രോഗ്രാമുകൾ (മുൻഗണനാ ക്രമത്തിൽ) എന്നിവ ശ്രദ്ധാപൂർവ്വം ചേർക്കുക.
7. രേഖപ്പെടുത്തിയ വിവരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ അപേക്ഷകർ ഇടയ്ക്കിടെ സേവ് ബട്ടൻ അമർത്തേണ്ടതാണ്.
8. രേഖപ്പെടുത്തിയ വിവരങ്ങൾ ഉചിതമായ രേഖകളുമായി ഒത്ത് നോക്കി ശരിയെന്ന് ഉറപ്പുവരുത്തുക.
9. അപേക്ഷാഫീസ് അടയ്ക്കാനായി പേയ്മെന്റ് ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് തുടർന്നുള്ള നിർദ്ദേശങ്ങൾ ക്രമാനുഗതമായി പാലിക്കുക
10. ചെലാൻ, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിങ്ങ് മുതലായ മാർഗ്ഗങ്ങളിലൂടെ നിശ്ചിത ഫീസ് അടയ്ക്കാവുന്നതാണ്.
11. ചെലാൻ വഴിയാണ് ഫീസ് അടയ്ക്കുന്നതെങ്കിൽ ചെലാൻ പ്രിന്റ് ഔട്ട് എടുത്ത് അടുത്തുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ അടയ്ക്കുക.
12. ഫീസ് അടച്ചതിന് ശേഷം ചെലാൻ കോപ്പി മറക്കാതെ സൂക്ഷിച്ച് അഡ്മിഷൻ സമയത്ത് ഹാജരാക്കുക.
13. അപേക്ഷാഫീസ് നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതിരുന്നാൽ അപേക്ഷ നിരസിക്കപ്പെട്ടേക്കാം.
14. സമീപകാലത്തെടുത്ത നിങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ അപ്ലോഡ് ചെയ്യുമ്പോൾ സൂചിപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക.
15. രേഖപ്പെടുത്തിയ വിവരങ്ങൾ കൃത്യമാണെന്ന് വീണ്ടും ഉറപ്പ് വരുത്തിയ ശേഷം അപേക്ഷകർക്ക് '**ഫൈനൽ സബ്മിഷൻ ബട്ടൺ**' അമർത്താവുന്നതാണ്.
16. മേൽപ്പറഞ്ഞ ഘട്ടങ്ങൾ പൂർത്തിയായതിന് ശേഷം മാത്രമേ നിങ്ങളുടെ അപേക്ഷാ നമ്പർ പ്രവർത്തനക്ഷമമാകുകയുള്ളൂ.

17. വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷാഫോമിന്റെ ഒരു പ്രിന്റ്ഔട്ട് നിങ്ങളുടെ കൈയ്യിൽ സൂക്ഷിക്കുക.
18. കൾച്ചറൽ, സ്പോർട്ട്സ്, PWD (Person with Disability) എന്നീ ക്വോട്ടകളിലേക്ക് അപേക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നവർ ആയത് തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുത്ത് കോളേജ് ഓഫീസിൽ നേരിട്ട് എത്തിക്കുകയോ അഡ്മിഷൻസ് 2019, സേക്രഡ് ഹാർട്ട് കോളേജ്, തേവര – 682013 എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യുക. തപാലിൽ അയയ്ക്കുന്നവർ യു.ജി. അഡ്മിഷൻ 2019 എന്ന് കവറിന് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.
19. മാനേജ്മെന്റ് ക്വോട്ട സീറ്റുകളിക്ക് പ്രവേശനം ആഗ്രഹിക്കുന്നവർ ഹോം പേജിലുള്ള മാനേജ്മെന്റ് ക്വോട്ട എന്ന ബട്ടൺ അമർത്തി ആവശ്യപ്പെട്ടിരുക്കുന്ന വിവരങ്ങൾ നല്കിയതിനു ശേഷം ഫോം ഡൗൺലോഡ് ചെയ്തു പ്രിന്റ് ഔട്ട് എടുത്ത് നിശ്ചിത ഫീസിനൊപ്പം മാനേജ്മെന്റ് ഓഫീസിൽ നേരിട്ട് എത്തിക്കുക.
20. താല്കാലിക റാങ്ക്ലിസ്റ്റിൽ പിഴവുകൾ ഉണ്ടെങ്കിൽ പ്രവേശനപട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് കോളേജ് കാര്യാലയത്തിൽ അറിയിക്കുക.